"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി - മാനന്തവാടി താലൂക്ക് വെള്ളമുണ്ട വില്ലേജ് - കാട്ടാനയുടെ ആക്രമണത്തിൽ മരണപ്പെട്ട തങ്കച്ചൻ എന്നവരുടെ കുടുംബത്തിന് അടിയന്തിരമായി അനുവദിച്ച തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ജില്ലാ കളക്ടർക്ക് അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ ഡി.ആർ.എഫ്.-(സി) വകുപ്പ്**

സ.ഉ.(സാധാ) നം.788/2024/RD തീയതി,തിരുവനന്തപുരം, 29-02-2024

---

പരാമർശം:- 1. വയനാട് ജില്ലാ കളക്ടറുടെ 10.11.2023, 09.02.2024 എന്നീ തീയതികളിലെ DCWYD/5804/2023-M4 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

വയനാട് ജില്ലയിലെ മാനന്തവാടി താലൂക്കിൽ വെള്ളമുണ്ട വില്ലേജിൽ പുളിഞ്ഞാൽ എന്ന സ്ഥലത്ത് കാട്ടാനയുടെ ആക്രമണത്തിൽ മരണപ്പെട്ട തങ്കച്ചൻ എന്നവരുടെ കുടുംബത്തിന് അടിയന്തിര ധനസഹായമായി മാനന്തവാടി തഹസിൽദാരുടെ പേരിലുള്ള CMDRF-മായി ബന്ധപ്പെട്ട TSB അക്കൗണ്ടിൽ നിന്നും 10,000/- രൂപ പിൻവലിച്ച് പരേതന്റെ കുടുംബത്തിന് കൈമാറിയിട്ടുള്ള പ്രസ്തുത തുക തഹസിൽദാരുടെ TSB അക്കൗണ്ടിലേക്ക് നൽകണമെന്ന് പരാമർശം (1) പ്രകാരം ജില്ലാ കളക്ടർ അഭ്യർത്ഥിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാട്ടാനയുടെ ആക്രമണത്തിൽ മരണപ്പെട്ട തങ്കച്ചൻ എന്നവരുടെ കുടുംബത്തിന് അടിയന്തിര ധനസഹായമായി അനുവദിച്ച 10,000/- രൂപ മാനന്തവാടി തഹസിൽദാരുടെ പേരിലുള്ള TSB അക്കൗണ്ടിൽ നൽകുന്നതിനായി ജില്ലാ കളക്ടർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

വിതരണത്തിനാവശ്യമായി വരുന്ന തുകയായ 10,000/- രൂപ (പതിനായിരം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും വയനാട് ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും ജില്ലാകളക്ടർ സ്വീകരിച്ച നടപടി സർക്കാരിനെ അറിയിക്കേണ്ടതുമാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിനിറാണി കെ
ഡെപ്യൂട്ടി സെക്രട്ടറി

ജില്ലാ കളക്ടർ, വയനാട്

ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)

ധനകാര്യ (ഫണ്ട്സ്) വകുപ്പ്

ജില്ലാ ട്രഷറി ഓഫീസർ, വയനാട് (ട്രഷറി ഡയറക്ടർ, തിരുവനന്തപുരം മുഖാന്തിരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ് / ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Signed by
Sheeba M
സെക്ഷൻ ഓഫീസർ.
Date: 01-03-2024 12:06:52

പകർപ്പ്:- ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.

റവന്യൂ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

റവന്യൂ (ഡി.ആർ.എഫ്.-എ/ഡി.ആർ.എഫ്.-ബി) വകുപ്പുകൾക്ക്